# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 115

14.06.2012 ൽ -മറുപടിക്ക്

## <u>റേഷൻ കാർഡ് അച്ചടി</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.കെ. ബഷീർ<br>,, സി. മമ്മൂട്ടി<br>,, വി.എം. ഉമ്മർ മാസ്റ്റർ<br>,, കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റേഷൻ കാർഡ് അച്ചടിക്കുന്നതുമായി ബന്ധപ്പെട്ട് കരാർ ഉണ്ടാക്കിയിരുന്നോ; എങ്കിൽ കരാറിലെ വ്യവസ്ഥകൾ സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) | റേഷൻ കാർഡ് തയ്യാറാക്കി നൽകുന്നതിന് സി-ഡിറ്റുമായി കരാർ ഉണ്ടാക്കിയിരുന്നു. കരാറിലെ പ്രധാന വ്യവസ്ഥകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കരാർ റദ്ദാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് ഈ കരാർ നിലവിൽ വന്നതെന്നും കരാർ റദ്ദുചെയ്യാനിടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (ബി) | കരാർ റദ്ദാക്കാൻ തീരുമാനം എടുത്തിട്ടില്ല. 2009 ഒക്ടോബർ 19-ാം തീയതിയാണ് സി-ഡിറ്റുമായി ആദ്യമായി കരാർ ഒപ്പുവച്ചത് |
| (സി) | കരാർ റദ്ദാക്കൽമൂലം, റേഷൻ കാർഡ് വിതരണത്തിൽ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വ്യക്തമാക്കുമോ; | (സി) | ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) | റേഷൻ കാർഡുകളുടെ അച്ചടി, വിതരണം എന്നിവ സംബന്ധിച്ച് പുതിയ നയരൂപീകരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | തൽക്കാലം ഇല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. ഫോട്ടോ പതിച്ച ലാമിനേറ്റ് ചെയ്ത റേഷൻ കാർഡുകൾ കാർഡ് ഒന്നിന് 13.85 രൂപ നിരക്കിൽ സി-ഡിറ്റ് തയ്യാറാക്കി നൽകുന്നതാണ്.
2. ഓഫീസ് സൗകര്യം, ഫർണിച്ചർ, കമ്പ്യൂട്ടറുകൾ, വെബ്ക്യാമറ, ഇന്റർനെറ്റ് കണക്ഷൻ, ലേസർ പ്രിന്ററുകൾ, ലാമിനേറ്റിംഗ് മെഷീൻ, പേപ്പർ കട്ടർ, ഹെവി ഡ്യൂട്ടി സ്റ്റേപ്ലർ, ട്രിമ്മർ എന്നിവ വകുപ്പ് ലഭ്യമാക്കേണ്ടതാണ്. നിലവിലുള്ള എൻഐസി. യുടെ സോഫ്റ്റ് വെയർ ഇതിനായി ഉപയോഗിക്കുന്നതാണ്.
3. 50% പ്രോജക്ട് കോസ്റ്റ് മുൻകൂറായി സി-ഡിറ്റിന് നൽകണം.
4. ഫോട്ടോ എടുക്കൽ, പ്രിന്റിംഗ്, ലാമിനേറ്റിംഗ്, സ്റ്റേപ്ലിംഗ്, ട്രിമ്മിംഗ് എന്നിവ സി.-ഡിറ്റ് ചെയ്യുന്നതാണ്.
5. കരാർ ഒരു വർഷത്തേയ്ക്കാണെങ്കിലും ആവശ്യാനുസരണം മോഡിഫിക്കേഷൻ വരുത്താവുന്നതും പുതുക്കാവുന്നതുമാണ്.
6. ഡിപ്പാർട്ട്മെന്റ് നൽകുന്ന ഉപകരണങ്ങൾ ഒഴികെ മറ്റുള്ള സാധനങ്ങൾ സി-ഡിറ്റ് വാങ്ങി ലഭ്യമാക്കുന്നതാണ്.
7. പ്രോജക്റ്റ് സ്റ്റാഫിനെ നിയമിക്കുന്നതും ശമ്പളം കൊടുക്കുന്നതും സി-ഡിറ്റ് ആയിരിക്കും.
8. പ്രോജക്റ്റുമായി ബന്ധപ്പെട്ട് വാങ്ങുന്ന ഉപകരണങ്ങൾ വകുപ്പിന്റെ വകയായിരിക്കും. അവയുടെ അറ്റകുറ്റപണികൾ കരാർ കാലാവധിയിൽ സി-ഡിറ്റ് ചെയ്യുന്നതാണ്.
9. പ്രതിഫല തുക ഓരോ മാസവും കൃത്യമായി സി-ഡിറ്റിന് നൽകേണ്ടതാണ്.
10. കരാറിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ കാലാവധിക്ക് മുമ്പുതന്നെ കരാർ അവസാനിക്കാവുന്നതാണ്. ആയതിന്മേലുണ്ടാകുന്ന നഷ്ടം സി-ഡിറ്റിൽ നിന്നും ഈടാക്കുന്നതാണ്.

Preetha